മാതൃഭൂമി

Mathrubhumi Seed

പ്രസിദ്ധീകരണം

# ആകാശപ്പച്ച

## പച്ചപ്പുകൊണ്ട് മറയണം ആകാശ നീലിമ



Mathrubhumi SEED
Digital nature magazine
Leaf - 02 December 2021

# ആകാശപ്പച്ച

# CONTENTS


എഡിറ്റോറിയൽ

കാട്ടിലെക്കാര്യം

കേരളം അറിയാൻ

ചിറകുള്ള ചങ്ങാതിമാർ

ഈ ഫോട്ടോ കാണാം

കൃഷിക്കാര്യം

സിനിമാപാട്ടിലെ പ്രകൃതി

ഇത് അതിശയം തന്നെ

തെറ്റ് ശരി

ലോകം എങ്ങനെ

പൂവറിവ്

വർണച്ചിറക്


Layout & Illustration: Govind K.

## വായിച്ചവർ പറയുന്നു



ആകാശനീലിമ മറയുന്നവിധം ഭൂമി പച്ചപ്പുകൊണ്ട് നിറയണം എന്ന 'അത്യാഗ്രഹമാണ്' ഈ ഡിജിറ്റൽ മാഗസിന്റെ പിറവിക്ക് കരണമായത്. ചെറിയ ഇടങ്ങൾക്ക് പ്രസക്തിയും ശക്തിയുമുണ്ടെന്ന് വായനക്കാർ തെളിയിച്ചു. ആയിരക്കണക്കിനാളുകൾ വായിച്ചു. നിരവധിപേർ പ്രതികരണങ്ങൾ അയച്ചുതന്നു. മരങ്ങൾക്കിടയിലൂടെ ആകാശനീലിമ കാണണം എന്ന് പറഞ്ഞവരുമുണ്ട്. വായനയുടെ ഈ ചെറിയ ഇടത്തിൽ വലിയ ചിന്തകൾ മുളപൊട്ടട്ടെ എന്ന് ആഗ്രഹിക്കാം, അതിനായി പ്രവർത്തിക്കാം.



# ജീവൻ കാക്കുന്ന ഇലകൾ

പൊരിവെയിലിൽ നിൽക്കുന്ന ചെടികളുടെ ഇലയിൽ തൊടുമ്പോൾ എപ്പോഴെങ്കിലും ചൂട് അനുഭവപ്പെട്ടിട്ടുണ്ടോ? ഇല്ലല്ലോ! അങ്ങനെയാണ് നമ്മൾ പ്രകൃതിയെ തൊട്ടറിയേണ്ടത്. വെയിലത്ത് കിടക്കുന്ന കല്ലാണെങ്കിലോ? തീർച്ചയായും അതിന് ചൂടുണ്ടാവും. പുറത്തേക്ക് പരത്തുകയും ചെയ്യും. കെട്ടിങ്ങളുടെ മേൽക്കൂരയും ടെറസുമൊക്കെ ഇതുപോലെ ചൂട് ഏറ്റുവാങ്ങി അന്തരീക്ഷത്തിലേക്ക് നൽകുന്നുണ്ട്. അങ്ങനെ ചൂടുകൂടുമ്പോൾ നമ്മൾ എയർകണ്ടീഷണറുകൾകൊണ്ട് ചൂടിനെ അതിജീവിക്കും. മരച്ചില്ലകൾകൊണ്ട് തണലൊരുക്കാൻ നമുക്കാവുന്നില്ല. എത്രകാലം നമുക്ക് അങ്ങനെ മുന്നോട്ടു പോകാനാവും? അതിന്റെ ഉത്തരവും ശാസ്ത്രം തന്നെ പറയണം. വെയിൽച്ചൂടിനെ വിഴുങ്ങി, ജീവികൾക്ക് അന്നവും പ്രാണവായുവും തരുന്ന ചെടികളെയും മരങ്ങളെയും സംരക്ഷിക്കാൻ നമുക്ക് സ്ഥലവും സമയവുമില്ല. ഉള്ളതുകൂടി വെട്ടിമാറ്റാനാണ് ശ്രമം. എയർ കണ്ടീഷണറുകളെക്കാൾ വിശ്വസിക്കാവുന്നത് ജീവനുള്ള ഇലകളെയാണ്, ജീവൻ കാക്കുന്ന ഇലകളെ! അക്കാര്യം ഒരിക്കലും മറക്കരുത്.



# ജൈവഗൃഹം

കാട് ഒരു വീടാണ്. ആ വീട് മനുഷ്യനിർമ്മിതമായ അംബര ചുംബികളായ ബഹുനില കെട്ടിടങ്ങൾ പോലെ യല്ല, പ്രകൃതി ഒരുക്കിയ ജൈവ നിധിയാണത്. മണ്ണിലിഴഞ്ഞു നടക്കുന്ന തേരട്ട മുതൽ കരയിലെ ഏറ്റവും വലിയ ജീവി യായ ആനവരെ ഒട്ടനേകം ജീവികൾക്കും സസ്യങ്ങൾക്കും വേണ്ടിയുള്ള ജൈവക്കൊട്ടാരം തന്നെ. അവിടെ ഓരോ ജീവനും നിലനിൽക്കുന്നത് പരസ്പര സഹകരണത്തിലാ ണ്. ഒന്ന് മറ്റൊന്നിനോട് കടപ്പെട്ട് സ്വച്ഛന്ദം പരിലസിക്കുന്നു. നമ്മുടെ ജീവിതത്തിലും കാട് വഹിക്കുന്ന പങ്ക് ഏറെയാണ്. അത് നമ്മൾ തിരിച്ചറിയണം. നമ്മൾ തന്നെ നമ്മുടെ കാ ലിനടിയിലെ മണ്ണ് ഇളക്കരുത്. സംരക്ഷിക്കണം കാടിനെ, ആ വലിയ കുടുംബത്തെ, ഒപ്പം നമ്മളെയും.



**വിനീത എം.**
ടീച്ചർ, G.L.P.S.കൂലേരി
തൃക്കരിപ്പൂർ, കാസർകോട്

# കേരളമാക്കി വയ്ക്കാൻ എന്നാണ് കഴിയുക?



ദൈവത്തിൻറെ സ്വന്തം നാടാണ്! കേരളം എന്ന് കേൾക്കുമ്പോൾ മനസ്സിൽതെളിയുന്ന ചിത്രത്തിൽ കേരവൃക്ഷങ്ങൾ തിങ്ങി നിറഞ്ഞു നിൽക്കുന്നു. എന്നാൽ ഇന്ന് യഥാർത്ഥചിത്രം മാറിപ്പോയി. പച്ചപ്പട്ടു വിരിച്ച വയലുകൾക്കു പകരം, ഉണങ്ങി ശ്വാസംമുട്ടുന്ന നെൽപ്പാടങ്ങൾ. മനോഹരമായ മലനിരകൾക്കു പകരം ചങ്കുപൊട്ടി മരിക്കുന്ന കരിങ്കൽ ക്വാറികൾ. കളകളം പൊഴിച്ച് ഒഴുകേണ്ട അരുവികൾക്കുപകരം, മലിനമായ ചാലുകൾ. ഒഴുക്ക് ബാക്കിവന്ന കുറച്ച് പുഴകൾ ദിശമാറിവന്ന് ഭയപ്പെടുത്തുന്നു. സാക്ഷരതയിലും മറ്റ് ഒരുപാടിടത്തും മുന്നിട്ടുനിൽക്കുന്ന മലയാളികൾ തന്നെയാണ് മണൽവാരി പുഴയുടെ ഗതി മാറ്റിമറിക്കുന്നത്. പ്രളയം പോലുള്ള ദുരന്തങ്ങൾ നാം ഏറ്റുവാങ്ങേണ്ടി വരുമ്പോഴും നമുക്കൊരു കുലുക്കവുമില്ല. പ്രകൃതി കനിഞ്ഞുനൽകിയ മനോഹരമായ നാടിനെ കാത്തു സൂക്ഷിച്ച് കേരളമാക്കി വയ്ക്കാൻ നമുക്ക് എന്നാണ് കഴിയുക? ഇനിയും പച്ചപ്പ് മായാതിരിക്കട്ടെ!

**സ്നേഹ ടി.**
ചെറുപുഴ ജാനകി മെമ്മോറിയൽ
യു.പി.സ്കൂൾ, കണ്ണൂർ

Indian Grey hornbill
ശാസ്ത്രനാമം
Ocyceros birostris

# കോഴിവേഴാമ്പൽ



മലബാർ ഹോൺബിൽ എന്നും അറിയപ്പെടുന്നു. 'Bucerotidae' പക്ഷി കുടുംബത്തിലെ അംഗങ്ങളാണ്. മലമുഴക്കി വേഴാമ്പലുകളെപ്പോലെ അസാമാന്യ വലിപ്പവും മനോഹര വർണ്ണങ്ങളും ഇല്ല. മങ്ങിയ കറുപ്പാണ് നിറം, നീളം രണ്ടര അടി. ആണിന്റെ കൊക്ക് ചുവപ്പും പെണ്ണിന്റേത് മഞ്ഞയും. പഴവർഗങ്ങൾ ആണ് കഴിക്കുന്നതെങ്കിലും ചെറുജന്തുക്കളെ അകത്താക്കാനും മടിയില്ല. ഞാവൽ പഴത്തിനോട് പ്രത്യേക ഇഷ്ടമുണ്ട്. മറ്റു വേഴാമ്പലുകളെ പോലെതന്നെ ഇവരും അധികം വെള്ളം കുടിക്കാറില്ല. ഫെബ്രുവരി മുതൽഏപ്രിൽ വരെയാണ് മുട്ടയിടുന്നത്. കൂടുകൾ ഉയർന്ന മരങ്ങളിൽ ആയിരിക്കും. വംശനാശഭീഷണി നേരിടുന്നു.



**അഭിഷേക് നമ്പീശൻ,** ക്ലാസ്സ് -8
നാഷണൽ ഹയർസെക്കണ്ടറി സ്കൂൾ,
വട്ടോളി, കോഴിക്കോട്

## ഈ ഫോട്ടോ കാണാം




പശ്ചിമഘട്ട തദ്ദേശവാസിയായ ഒരു ഒച്ചാണ് ഇന്ദ്രല അമ്പ്യൂള. (ശാസ്ത്രീയനാമം: (Indrella ampulla). ഇന്ദ്രല ജനുസിലെ ഏക സ്പീഷ്യസാണിത്. ഒരു ജനുസ്സ് മാത്രമേ ഉള്ളുവെങ്കിലും ചുവപ്പും, ഇളംമഞ്ഞ നിറത്തിലുമെല്ലാം ഇവയെ കാണാറുണ്ട്.

# Indrella ampulla

**ജൊവാന ജുവൽ**
ക്ലാസ്സ് -൯, G.V.H.S.S.
മാനന്തവാടി, വയനാട്

മാതൃഭൂമി ആകാശപ്പച്ച

കൃഷിക്കാര്യം



# കൃഷിയുടെ പഴഞ്ചൊല്ലുകൾ

വിളയുന്ന വിത്ത് മുളയിൽ അറിയാം



വിത്ത് ഗുണം പത്ത് ഗുണം

മുളയിൽ അറിയാം വിള

കണ്ടം വിറ്റു കാളയെ വാങ്ങുമോ?


വളമേറിയാൽ കൂമ്പ് ഉടക്കും

കാലത്തേ വിതച്ചാൽ നേരത്തെ കൊയ്യാം

മണ്ണ് വിറ്റു പൊന്നു വാങ്ങരുത്

ഉടമയുടെ കണ്ണ് ഒന്നാം തരം വളം





മാതൃഭൂമി ആകാശപ്പച്ച

**അൽഫോൻസാ ജോർജ്**
ക്ലാസ്സ് -7 A , ശോഭന ഇ .എം. എച്ച്. എസ്.കോതമംഗലം, എറണാകുളം

സിനിമാപാട്ടിലെ പ്രകൃതി

# കായാമ്പൂ കണ്ണിൽ വിടരും...




## കമലദളം കവിളിൽ വിരിയും...

നദി എന്ന ചിത്രത്തിന് വേണ്ടി വയലാർ രചിച്ച ഗാനം. മോഹന രാഗത്തിൽ ചിട്ടപ്പെടുത്തിയ ഈ പാട്ടിൽ കായാമ്പൂ എന്ന മനോഹരപുഷ്പം കടന്നുവരുന്നു. പ്രണയിനിയുടെ മിഴികളിലെ നീലിമയെ വിശേഷിപ്പിക്കാൻ കവി കണ്ടെത്തിയ കായാമ്പൂ (Memecylon umbellatum) ചെറിയ മരമായും കുറ്റിച്ചെടിയായും കണ്ടുവരുന്ന ഒരു വനസസ്യമാണ്. വർഷത്തിലൊരിക്കലേ നീല നിറമുള്ള പൂങ്കുലകൾ കാണാറുള്ളു. കാശാവ്, അഞ്ജനമരം, കനലി, ആനക്കൊമ്പി എന്നീ പേരുകളിലും അറിയപ്പെടുന്നു.

Movie: **Nadi** Director: **A. Vincent** Singer: **K. J. Yesudas**
Lyricist: **Vayalar Ramavarma** Music director: **G. Devarajan**
Initial release: **1969** Writer (Screenplay): **P. J. Antony, Thoppil Bhasi**

**വൈ.കെ.അജിതകുമാരി**
H.S.S.T., G.H.S.S. കൊടുവായൂർ
പാലക്കാട്

# കണ്ണാടി



കണ്ണാടിയുടെ മുമ്പിൽ നിൽക്കാൻ തുടങ്ങിയിട്ട് കുറെ നേരമായി. മുഖത്ത് വിടർന്നു നിന്ന പച്ചപ്പ് മാഞ്ഞു തുടങ്ങിയിരിക്കുന്നു. മനോഹരമായ ശരീരം വിരൂപമായിട്ടുണ്ട്. കോടാലി കൊണ്ട് മുറിവേറ്റ പാടുകൾ നിരവധിയുണ്ട്. ചിലതിൽ ഇടയ്ക്ക് ചോരയൊലിക്കും. കളകളാരവം കേൾക്കുന്നില്ല, കേഴ്‌വി കുറഞ്ഞതാവണം. നാവും നന്നായി വഴങ്ങുന്നില്ല, ഉറക്കെ കരയാൻ പോലും പേടിയാവുന്നു. കണ്ണുനീർ തുള്ളികൾപോലും എന്നെ വിട്ടുപോയി. ആർത്തിപൂണ്ട ഒരു പാടുപേർ... അവരോട് അരുതെന്ന് പറയാൻ പോലും ആരുമില്ല.


**ഈ ഭൂമി ഞങ്ങളുടേതും കൂടിയാണ്, വരും തലമുറയ്ക്കായി ഇത്തിരി ജീവൻ ബാക്കി വയ്ക്കണം.**

**ദേവിക രാജീവ്,** ക്ലാസ്സ് -9
ഇരിക്കൂർ ഗവ.ഹയർ സെക്കന്ററി സ്കൂൾ, കണ്ണൂർ

തെറ്റ് ശരി

# അഴുക്കും ഒഴുക്കും

'ഒഴുക്കുവെള്ളത്തിൽ അഴുക്കില്ല'– മലയാളത്തിലെ ഈ പഴമൊഴിക്ക് ഇന്ന് പ്രസക്തിയുണ്ടോ? നല്ല വെള്ളത്തിന് ഒരു മുട്ടുമില്ലാത്ത നാടായിരുന്നു നമ്മുടേത്. പുഴകൾ ഒഴുകി ഒഴുകി കടലിൽ ചേരുന്നു. പുഴകളിലേയ്ക്ക് എന്തു വീണാലും അത് മലിനമാകില്ല എന്ന വിശ്വാസം പണ്ട് ഉണ്ടായിരുന്നു. ആ വിശ്വാസത്തിലേക്കാണ് പുഴയുടെ തീരത്തെ ഫാക്ടറികളും മറ്റും മാലിന്യങ്ങൾ നിറച്ചത്. മറ്റുപലരും ഒഴുകുന്നതും ഒഴുകാത്തതുമായ വെള്ളത്തിലേക്ക് മാലിന്യം നിറച്ചുകൊണ്ടേയിരിക്കുന്നു. മാലിന്യങ്ങൾ നിറഞ്ഞ് പുഴകളുടെ ഗതിതന്നെ നിലച്ചുപോകുന്നു. ഒഴുകാൻ ഇടമില്ലാത്ത ജലം വേഗത്തിൽ മലിനമാവുന്നു. 'ഒഴുക്കുവെള്ളത്തിൽ അഴുക്കുണ്ട്' എന്ന് പറയണോ 'ഒഴുക്കില്ല അഴുക്കേയുള്ളു' എന്ന് പറയണോ എന്നതാണ് ഇപ്പോഴത്തെ സംശയം.




മാതൃഭൂമി ആകാശപ്പച്ച

**ഗംഗാ ദേവി**
ടീച്ചർ, നവനിർമാൺ പബ്ലിക് സ്കൂൾ
വാഴക്കാല, എറണാകുളം

# പ്ലാസ്റ്റിക് ഐസ് ബർഗ്

ഇന്ന് ലോകം നേരിടുന്ന പരിസ്ഥിതി പ്രശ്നങ്ങളിൽ ഏറ്റവും പ്രധാനമാണ് പ്ലാസ്റ്റിക് വസ്തുക്കളുടെ അലക്ഷ്യമായ ഉപയോഗം. കഴിയുന്നിടത്തെല്ലാം പ്ലാസ്റ്റിക്കിനെ മാറ്റിനിർത്താൻ ഉറച്ച തീരുമാനത്തിലെത്തണം ലോകം.

വ്യാപകമായി ഉപയോഗിക്കുന്ന പലതരം ഭക്ഷ്യവസ്തുക്കൾ ഇപ്പോഴും പ്ലാസ്റ്റിക് കവറിൽ ആണ് അധികവും ലഭിക്കുന്നത്. ഇവയുടെ കവറുകൾ വലിച്ചെറിയാതെ, പ്രത്യേകമായി ശേഖരിച്ച് പുനരുപയോഗത്തിന് നൽകണം.



നാം പ്ലാസ്റ്റിക് മാലിന്യങ്ങൾ കത്തിക്കാതിരുന്നാൽ പരിസ്ഥിതിയെ നന്നായി സംരക്ഷിക്കാൻ നമുക്കു സാധിക്കും. അതിലൂടെ നമ്മുടെയും വരും തലമുറയുടെയും ജീവിതം കൂടുതൽ സുരക്ഷിതമാക്കാം.

**സുൽന സിനാജ്, മുഹമ്മദ് ഫർഹാൻ എസ്.**
ക്ലാസ്സ് -5, ടൈനി ടോട്ട്സ് ജൂനിയർ സ്കൂൾ
തോണ്ടൻകുളങ്ങര, ആലപ്പുഴ

മാതൃഭൂമി ആകാശപ്പച്ച

# നീലക്കുറിഞ്ഞി

പൂവറിവ്

**ശാസ്ത്രീയ നാമം**
Strobilanthes kunthianus

കുറിഞ്ഞിവർഗ്ഗത്തിലെ റാണി എന്നറിയപ്പെടുന്നു. 12 വർഷം കൂടുമ്പോൾ കൂട്ടത്തോടെയാണ് പൂക്കുന്നത്. നീലഗിരി കുന്നുകൾ, പളനി മലകൾ, മൂന്നാറിനു ചുറ്റുവട്ടത്തുള്ള ഹൈറേഞ്ച് മലകൾ എന്നിവിടങ്ങളിലാണ് കാണപ്പെടുന്നത്. മൂന്നാറിൽ ഇരവികുളം ദേശീയോദ്യാനത്തിൽ ധാരാളം ചെടികൾ കാണാം. പൂക്കാലത്തിനു ശേഷം കുറിഞ്ഞിച്ചെടികൾ നശിച്ചുപോകും. വിത്തിൽ നിന്ന് പിന്നീട് പുതിയ ചെടി മുളച്ചുവരികയും ചെയ്യും.




മാതൃഭൂമി ആകാശപ്പച്ച


**അഭിനവ് ബൈജു**
ക്രിസ്തു ജ്യോതി പബ്ലിക് സ്കൂൾ
രാജാക്കാട്, ഇടുക്കി

വർണ്ണച്ചിറക്

കഥ



# കുരിപ്പ



കുരിപ്പയും കൊണ്ടുള്ള പോക്കാണ്. കാക്കത്തൊള്ളായിരം തവണയാണ് ദിവസവും മുരുക്കിൻ ചോട്ടിലേക്ക് പോകുന്നത്.


ചക്കി വന്നിട്ടുണ്ടാവുമോ? നല്ല ചോന്ന മുരുക്കിൻ പൂവിന്റെ ഇതളിനുള്ളിലേക്ക് കൊക്കിറക്കി അവൾ തേനൂറ്റുന്നതു കാണാൻ രസമാണ്. എത്ര നാളായി അവളെ ഒന്ന് കണ്ടിട്ട്, കുട്ടൂസ് അമ്മയോടൊപ്പം മുകളിലേക്കിഴഞ്ഞു.

വേരിന്റെ പടർപ്പുകളിൽ അവന്റെ മേലുരസി. ഒരു മൺതരിയോളം കുളിരു പോലുമില്ല. തീച്ചൂട് വേരിനെ പൊള്ളിക്കുന്നു.

മണ്ണ് കുലുങ്ങുന്നുണ്ടോ? അവൻ എത്തിനോക്കി.

“ചിന്നൂ, നീ എങ്ങോട്ടാണ് ഇങ്ങിനെ പായുന്നത്?”

“പറഞ്ഞു നിൽക്കാൻ നേരമില്ല കുട്ടൂസേ... ഇല്ലിക്കാട്ടിലെ കാഞ്ഞിരമരത്തിന്റെ തീയണയ്ക്കാൻ ഒരു തുമ്പിക്കൈ വെള്ളമെങ്കിലും വേണം”, ഒറ്റശ്വാസത്തിൽ പറഞ്ഞ് ചിന്നുവാന ഓട്ടം തുടർന്നു.



വെന്തുകിടന്ന ഒരു പച്ചിലയുടെ മറവിൽ അവൻ കുരിപ്പയിട്ടു.

പെട്ടെന്ന് ഒരു ഇലയിളക്കം. ഒരിളം കാറ്റ്, തലയ്ക്കു മീതെ. അതെ... ചക്കിയാണ്. കരിഞ്ഞു തുടങ്ങിയ മുരിക്കിൻ ചില്ലയിൽ ഇരുന്ന് അവൾ കൊക്കിലെ വെള്ളം തുള്ളി തുള്ളിയായി വേരിലേക്ക് ഇറ്റിച്ചു.



**അമൃത ബാബു**
ഹോളി ക്രോസ് ഹൈസ്കൂൾ
മോനിപ്പള്ളി, കോട്ടയം

വർണച്ചിറക്

കവിത

# കാട്ടിലില്ല



പാറിനടക്കും പറവകളും
ഓടിച്ചാടും മുയലുകളും
ചാടിനടക്കും അണ്ണാൻകുഞ്ഞും
കൂകിവിളിക്കും ചീവീടും
ആനകണക്കെ പാറകളും
കളകളമൊഴുകും അരുവികളും
ചറപറ പെയ്യും ചെറുമഴയും
വരിവരിയായി മരനിരയും
തിങ്ങി നിറഞ്ഞൊരു കാടല്ലോ
കോവിഡില്ലാ കാടല്ലോ!


നേഹ കൃഷ്ണൻ
ക്ലാസ്സ് -2, അമൃതകൈരളി വിദ്യഭവൻ
തിരുവനന്തപുരം



മാതൃഭൂമി ആകാശപ്പച്ച

Mathrubhumi Seed
Student Empowerment for Environmental Development
IN PARTNERSHIP WITH FEDERAL BANK

# മാതൃഭൂമി ആകാശപ്പച്ച

**പലതവണ പറഞ്ഞാലും മനസ്സിലാവാത്തവരുണ്ടാവാം, മനസ്സിലായില്ലെന്ന് നടിക്കുന്നവരും കാണും. രണ്ടുകൂട്ടരോടും വീണ്ടും വീണ്ടും പറയണം. പ്രകൃതിസംരക്ഷണം എന്നത് ജീവന്റെ വിഷയമാണ്. ഇനി പറയാൻ അവസരം കിട്ടുമെന്ന് ഉറപ്പുപറയാനാവില്ലല്ലോ. ഉറക്കെയും ഉറപ്പിച്ചും പറഞ്ഞുകൊണ്ടേയിരിക്കുക...**

---

ആകാശപ്പച്ചയിലേക്കുള്ള രചനകളും നിർദേശങ്ങളും akashapacha @ mpp.co.in എന്ന വിലാസത്തിലേക്ക് അയക്കാം.

വിശദവിവരങ്ങൾക്ക് സീഡ് ജില്ലാ കോ-ഓഡിനേറ്റർമാരോട് സംസാരിക്കാം.

Published by
Mathrubhumi
Seed